## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:7716 23/07/2012 - ൽ മറുപടിക്ക്

### മൽസ്യ ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യവികസനം

**ചോദ്യം**

ശ്രീ. വി. പി. സജീന്ദ്രൻ:
„ കെ. മുരളീധരൻ:
„ ജോസഫ് വാഴക്കൻ:

(എ) തെരഞ്ഞെടുത്ത മൽസ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, സമ്പൂർണ്ണ വൈദ്യുതീകരണം, ശുചിത്വപരിപാലനം, ജീവനോപാധി പ്രവർത്തനങ്ങളുടെ പൊതുസംവിധാനം എന്നിവയ്ക്കായി പ്രത്യേക പദ്ധതി മൽസ്യബന്ധന വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മൽസ്യബന്ധന വകുപ്പിലെ ഏത് ഏജൻസിയെ ആണ് ഈ പദ്ധതികളുടെ നടത്തിപ്പിനായി നിയോഗിച്ചിരിക്കുന്നത്;

(സി) ഇതിനായി ഇപ്പോൾ എന്തു തുക വകയിരുത്തിയിരിക്കുന്നുവെന്നും ഈ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ.കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

(എ) 25 മത്സ്യഗ്രാമങ്ങളിലാണ് സംയോജിത വികസന പദ്ധതി നടപ്പിലാക്കുന്നത്. അതിൽ 5 മത്സ്യഗ്രാമങ്ങളുടെ (പുതുക്കുറിച്ചി, പൂന്തുറ, പരുത്തിയൂർ, തങ്കശ്ശേരി, കൊയിലാണ്ടി) പദ്ധതിയുടെ (10 കോടി രൂപ) പ്രത്യേക കർമ്മ സമിതി അംഗീകാരം നൽകുന്നത് സംബന്ധിച്ചുള്ള നടപടി സ്വീകരിച്ചു വരികയാണ്. മറ്റുള്ള 20 മത്സ്യഗ്രാമങ്ങളുടെ പദ്ധതി തയ്യാറാക്കി വരുന്നു.

(ബി) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷനെയാണ് ഈ പദ്ധതികളുടെ നടത്തിപ്പിനായി നിയോഗിച്ചിരിക്കുന്നത്.

(സി) ഒരു മത്സ്യഗ്രാമത്തിന് 2 കോടി രൂപ എന്ന നിരക്കിൽ 25 മത്സ്യഗ്രാമങ്ങൾക്ക് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുക വർദ്ധിപ്പിക്കുന്നത് ,സംബന്ധിച്ച ശുപാർശയൊന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ